'ഭരണഭാഷ മാതൃഭാഷ'
**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്,**
വികാസ് ഭവൻ, തിരുവനന്തപുരം – 695 033
ഫോൺ/ഫാക്സ്: 0471-2305318/0471-2305317
ഇ-മെയിൽ : ecostatdir@gmail.com
Website : www.ecostat.kerala.gov.in

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
(ഹാജർ : ശ്രീകുമാർ ബി. )

വിഷയം :- ഡിഇഎസ് – വിജിലൻസ് – ശ്രീ.വിജയൻ.സി, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I, താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, മണ്ണാർക്കാട് – അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തത് – സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-
1. പാലക്കാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 17/01/2024 ലെ ഇ1/3208/2022/ഡിഇഎസ്പി നമ്പർ കത്ത്.
2. ഈ ഓഫീസിലെ ഇ.എ.ആർ.എ.എസ്. വിഭാഗത്തിൽ നിന്നും 23/03/2024 ന് സമർപ്പിച്ച പരിശോധന റിപ്പോർട്ട്.

**ഉത്തരവ് നം. DES/520/2024-VIG , തീയതി. 30-07-2024**

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് മണ്ണാർക്കാട് താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I ആയ ശ്രീ.വിജയൻ.സി മുൻകൂർ അവധി അപേക്ഷ സമർപ്പിക്കാതെ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതായും, അനുമതിയോ അറിയിപ്പോ കൂടാതെ ടിയാൻ അവധിയിൽ പ്രവേശിക്കുന്നതു കാരണം ടിയാന് ചുമതലയുള്ള ജോലികൾ അധികചുമതലയായി മറ്റ് ജീവനക്കാർക്ക് നൽകേണ്ടിവരുന്നതായും പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.വിജയൻ.സി-യ്ക്ക് ചുമതല നൽകിയിട്ടുള്ള അട്ടപ്പാടി എ4 സോണിലെ ഫീൽഡ് ജോലികളിലും, ടിയാൻ സമർപ്പിക്കേണ്ടതായ ഫാറം-1, ഫാറം-5 എന്നിവയിൽ ശരിയായ വിധത്തിൽ രേഖപ്പെടുത്തുന്നതിലും ടിയാൻ വീഴ്ച വരുത്തിയിട്ടുണ്ടെന്നും, ടിയാൻ 2024 ഫെബ്രുവരി 19 ന് പാലക്കാട് ജില്ലയിൽ നടന്ന

ഇ.എ.ആർ.എ.എസ്. ജില്ലാതല പരിശീലന പരിപാടിയിൽ പങ്കെടുക്കാതിരുന്നതും താലൂക്ക്തല ദ്വൈവാര അവലോകന യോഗങ്ങളിൽ കൃത്യമായും പങ്കെടുക്കാതിരിക്കുന്നതും ടിയാന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്നും പരാമർശം (2) പ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ മണ്ണാർക്കാട് താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ ശ്രീ.വിജയൻ.സി, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I നെ 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും,നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ 10 (1) (എ) പ്രകാരം അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു. സസ്പെൻഷൻ കാലയളവിൽ ടിയാന് നിയമാനുസൃതമായ ഉപജീവനബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

Signed by
Sreekumar B
DIRECTOR
Date: 30-07-2024 14:46:52

ശ്രീ.വിജയൻ.സി, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I,
താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, മണ്ണാർക്കാട്
(ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)

പകർപ്പ്:-

1. ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരുടെ സിഎ
2. ജോയിന്റ് ഡയറക്ടർ, ഇ.എ.ആർ.എ.എസ് വിഭാഗം
3. ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ഓഫീസ്, പാലക്കാട്
4. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, ജീവനക്കാര്യ വിഭാഗം
6. ഫയൽ/ കരുതൽ ഫയൽ